DESPATCHED
On.01/10/22



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ AP 920(1)/2022/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.6884/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 സെപ്റ്റംബർ 28

ശ്രീ. അനിൽകുമാർ ജി.,
അഖിലാണ്ഢം,
ഏറം, കാരംകോട് പി.ഒ.,
കൊല്ലം – 691 579. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത്,
ചാത്തന്നൂർ പി.ഒ., കൊല്ലം-691 572.

2. അപ്പീൽ അധികാരി &
പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ,
പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് (3),
ചാത്തന്നൂർ, കൊല്ലം – 691 572. } എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 1.12.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.12.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.1.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 23.2.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21.4.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 7.5.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.5.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 6.6.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 27.9.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അനിൽകുമാർ ജി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിലെ പോരായ്മകൾ കാരണം

അപ്പീൽ അധികാരിയെ സമീപിക്കുകയുണ്ടായി എന്നും ടി അപ്പീലിന് ടിയാന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്താതെയാണ് മറുപടി ലഭ്യമാക്കിയതെന്നും ആയതിനാൽ ടിയാനെ നേരിൽ കേൾക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 1.12.2021 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ചാത്തന്നൂർ പഞ്ചായത്തിൽ മീനാട് വില്ലേജിൽ, വാർഡ് നമ്പർ - 09-ൽ റവന്യു ബ്ലോക്ക് നമ്പർ -30, റീസർവ്വെ നമ്പർ 460/12 പ്രകാരം 8.3 സെന്റ് വസ്തുവിൽ രണ്ടായിരത്തിഏഴ് മുതൽ താമസമാക്കിയ ടിയാന്റെ പേരിലുണ്ടായിരുന്ന അഖിലാണ്ഡം വീടിനെ സംബന്ധിച്ച വിവരങ്ങൾ ആയിരുന്നു.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.12.2021-ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, അപേക്ഷയിലെ 1-ാം നമ്പറിൽ ഉൾപ്പെട്ട എ, ബി, സി ചോദ്യങ്ങൾ വ്യക്തമല്ലാത്തതിനാൽ മറുപടി നൽകുവാൻ കഴിയുകയില്ലെന്നും ഡി-നമ്പറിൽ ഉൾപ്പെട്ട വിവരം നൽകിയിട്ടുള്ളതായും കാണുന്നു. ടി മറുപടിയിൽ തൃപ്തനല്ലെന്നു പരാതിപ്പെട്ടുകൊണ്ട് 27.1.2022-ന് നൽകിയ അപ്പീൽ അപേക്ഷ തീർപ്പാക്കി 23.2.2022-ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ റിപ്പോർട്ട്, അനുബന്ധ രേഖകൾ, ഹർജിക്കാരൻ നേരിൽ നൽകിയ മൊഴി എന്നിവ പരിശോധിച്ചു എന്നും ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 24.12.2021-ലെ എസ്.സി1-2269/21 മറുപടിയിൽ, എ, ബി, സി എന്നീ നമ്പർ ചോദ്യങ്ങൾ വ്യക്തമല്ലാത്തതിനാലാണ് വിവരം നൽകുവാൻ കഴിയാതിരുന്നതെന്നും, ടി ചോദ്യങ്ങൾ വ്യക്തത വരുത്തി നൽകിയാൽ വിവരം നൽകുന്നതാണെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്. അപ്പീൽ വാദിയെ നേരിൽ കേട്ടതിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30 റീ സർവ്വെ 460/12-ൽ സ്ഥിതി ചെയ്യുന്ന 9/673 (പഴയത് 9/1538) നമ്പർ കെട്ടിടം ശ്രീ. അനിൽകുമാർ, അഖിലാണ്ഡം, ഏറം, കാരംകോട് പി.ഒ., കൊല്ലം എന്ന വ്യക്തിയുടെ പേരിലുള്ളതാണെന്ന സാക്ഷ്യപത്രം ആണ് വേണ്ടതെന്ന് മൊഴി നൽകിയിട്ടുണ്ടെന്നും ആയത് പരിശോധിച്ച് 9/673 (പഴയത് 9/1538) നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പൂർണ്ണമായ വിലാസം പിൻകോട് അടക്കം ഉൾപ്പെടെയുള്ള വിവരം അപേക്ഷകന് നൽകേണ്ടതാണെന്നുമാണ്. ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 24.12.2021-ലെ എസ്.സി1-2270/21 മറുപടിയിൽ, 5.9.2007-ൽ ചാത്തന്നൂർ പഞ്ചായത്തിൽ 9-ാം വാർഡിൽ ബ്ലോക്ക് നമ്പർ 30 റീസർവ്വെ നമ്പർ 460/12-ൽ ഉള്ള കെട്ടിടത്തിന്റെ നികുതി ഇനത്തിൽ 161 രൂപ അടച്ചതിനോടൊപ്പം താമസയോഗ്യമാക്കിയ വീടിന്റെ നാല് ഫോട്ടോകൾ ഹാജരാക്കിയിരുന്നുവെന്നും ആയതിന്റെ പകർപ്പ് ലഭ്യമാക്കണം എന്ന ചോദ്യത്തിന്

കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളിൽ ഫോട്ടോ ഉൾപ്പെടുന്നില്ല എന്നും ആയതിനാൽ വിവരാവകാശ പ്രകാരം ആവശ്യപ്പെട്ട വിവരം നൽകുവാൻ കഴിയുകയില്ലെന്ന മറുപടിയാണ് എസ്.പി.ഐ.ഒ. നൽകിയതെന്നും ടി മറുപടി തൃപ്തികരമല്ല എന്ന് നിരീക്ഷിക്കുന്നു എന്നും ആയതിനാൽ അപേക്ഷയോടൊപ്പം ഫോട്ടോ ഹാജരാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണെന്നുമാണ്. 1.12.2021 ലാണ് അപ്പീൽ വാദി വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയതെന്നും എന്നാൽ എസ്.പി.ഐ.ഒ മറുപടി നൽകിയപ്പോൾ 29.11.2021-ലെ അപേക്ഷ എന്നാണ് രേഖപ്പെടുത്തിയതെന്നും മറുപടി തയ്യാറാക്കുമ്പോൾ ഡേറ്റാ എൻട്രിയിലെ പിഴവ് കാരണം 29.11.2021 എന്ന് രേഖപ്പെടുത്തിയതെന്നും ഇത് ബോധപൂർവ്വം ചെയ്തതല്ലെന്നും എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്. ആയതിനാൽ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ അപേക്ഷകന് നൽകേണ്ടതാണെന്നും മേൽ പറഞ്ഞിട്ടുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകികൊണ്ട് അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു എന്നുമാണ്.

4. ഒന്നാം എതിർകക്ഷി 6.6.2022-ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 1.12.2021 തീയതിയിലെ വിവരാവകാശ അപേക്ഷയിന്മേൽ മറുപടി തയ്യാറാക്കുമ്പോൾ ഡേറ്റാ എൻട്രിയിലെ പിഴവ് കാരണമാണ് മറുപടിയിലെ സുചനയിൽ 29.11.2021 എന്ന് രേഖപ്പെടുത്തിയത് എന്നും ആയത് ബോധപൂർവ്വം ചെയ്തതല്ലെന്നും അപേക്ഷകന് വിവരാവകാശ നിയമ പ്രകാരമുള്ള വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കിയിട്ടുള്ളതാണെന്നുമാണ്. ടിയാൻ സമർപ്പിച്ച അപേക്ഷയിലെ ക്രമ നമ്പർ ഒന്നിൽ ഉൾപ്പെട്ട എ, ബി, സി ചോദ്യങ്ങൾ വ്യക്തമല്ലാത്തതിനാലാണ് മറുപടി നൽകുവാൻ കഴിയാതിരുന്നതെന്നും ക്രമ നമ്പർ ഒന്നിൽ ഉൾപ്പെട്ട ഡി ചോദ്യത്തിന് ബിൽഡിംഗ് ഐഡി 50362010008501 നമ്പർ കെട്ടിടം ശ്രീ. അനിൽകുമാർ, അഖിലാണ്ഡം എന്നയാൾ പേർക്കാണെന്ന് 1993-ലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ടി കെട്ടിടത്തിന്റെ നമ്പർ 9/1538 (പഴയ നമ്പർ) ആണെന്നും 2013-ലെ വസ്തു നികുതി പുനർ നിർണ്ണയ പ്രകാരം ടി കെട്ടിടത്തിന്റെ നമ്പരുകളാണിതെന്ന വിവരം വ്യക്തതയോടു കുടി നൽകിയിട്ടുള്ളതാണെന്നുമാണ്. ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരിയുടെ 23.2.2022-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ 2007-ൽ ശ്രീ. അനിൽകുമാർ സമർപ്പിച്ചിട്ടുള്ള ഫോട്ടോകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം അറിയിക്കുന്നു എന്നും നിലവിൽ 2012 വർഷം

മുതലുള്ള രേഖകളാണ് ഐ.എസ്.ഒയുടെ ഭാഗമായി പഞ്ചായത്ത് ഓഫീസിൽ സുക്ഷിച്ചിട്ടുള്ളതെന്നും ഓഫീസുകൾ പല തവണ ഷിഫ്റ്റ് ചെയ്തിട്ടുള്ളതിനാലും ടി കാലയളയിലെ ഫയൽ കണ്ടെത്താനായിട്ടില്ലെന്നുള്ള വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെയും ഹർജിക്കാരനെയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, ഹർജിക്കാരന് വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുന്നതിന് 3 ആഴ്ച എടുത്തതായി കാണുന്നു. എസ്.പി.ഐ.ഒ അത്രയും സമയം വരെ മറുപടി നൽകുന്നതിന് കാത്തുനിൽക്കേണ്ടതില്ല. മേലിൽ വിവരാവകാശ അപേക്ഷയ്ക്ക് എത്രയും വേഗം മറുപടി നൽകേണ്ടതാണ് എന്ന് കമ്മീഷൻ എസ്.പി.ഐ.ഒയോട് നിർദ്ദേശിക്കുന്നു. അതേ സമയം ഹർജിക്കാരൻ ആവശ്യപ്പെടുന്ന വിവരം ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകാൻ കഴിയുന്നവയല്ലാത്തതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ അപ്പീൽ അധികാരി ശേഖരിച്ച് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയതിലേക്ക് കമ്മീഷൻ ഉത്തരവിന്റെ പകർപ്പ് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടറേറ്റിലെ അപ്പീൽ അധികാരിയ്ക്ക് അയച്ചു നൽകേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 28–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

bnk